©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LV / വാല്യം 55 — Thiruvananthapuram, Monday / തിരുവനന്തപുരം, തിങ്കൾ — 26th July 2010 / 2010 ജൂലൈ 26 / 4th Sravana 1932 / 1932 ശ്രാവണം 4 — No. / നമ്പർ 1684

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 80/2010/LBR. *Dated, Thiruvananthapuram, 24th July, 2010.*

**S. R. O. No. 736/2010**.—In exercise of the powers conferred by sub-section (2) of section 5 of the Minimum Wages Act, 1948 (Central Act 11 of 1948) read with clause (a) of sub-section (1) of section 3 thereof, the Government of Kerala after considering the objections and suggestions received on the draft proposal published under notification No. 15617/E1/07/LBR dated 23rd November, 2009 published in the Kerala Gazette Extraordinary No. 2206 dated 26th November, 2009 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby fix the minimum rates of wages payable to the employees employed in the Security Service in the State of Kerala as specified in the Schedule below and fix the date of publication of this notification in the Gazette as the date from which the rates shall come into force.

SCHEDULE

| Sl. No. | Category | Monthly rates of Minimum Wages (Basic Wages) (Rs.) |
|---|---|---|
| 1 | Security Guard (unarmed) | 4274 |
| 2 | Security Guard (armed) | 5274 |
| 3 | Head Guard | 5750 |
| 4 | Supervisor | 6000 |

*Dearness Allowances.*—In addition to the basic rates of wages, the employees shall be eligible for Dearness Allowance on the basis of Consumer Price Index Numbers. Dearness Allowance at the rate of Rs. 24.90 for every increase of one point above 130 points (new series 1998-99 = 100) of the Consumer Price Index Numbers published by the Department of Economics and Statistics for concerned District Headquarters.

*Uniform Allowance.*—Every employee shall be paid Uniform Allowance at the rate 7% of basic pay each year.

*Service Weightage.*—The Service weightage shall be given at the following rates on the basic wages considering not less than five years services completed under an employer or in an institution where the employee is doing work.

(i) Service period above 5 years and up to 10 years .. 5% of basic wages

(ii) Service period above 10 years and up to 15 years .. 10% of basic wages

(iii) Service period above 15 years .. 15% of basic wages

*General Conditions.*—(i) In the case of employees of any establishment or under an employer who are at present getting higher wages than the Minimum Wages as per this notification they shall continue to enjoy such higher rates.

In case where an employee who is employed in a scheduled establishment directly by the employer and not through another person, or agency, is eligible for the minimum rate of wages payable to that scheduled employment and, as such the minimum rates of wages fixed as per this notification are not applicable to such employees.

(ii) For the calculation of daily wages for categories in respect of which monthly wages have been fixed in the notification, basic monthly wage including Dearness Allowance shall be divided by 26.

By order of the Governor,

K. B. VALSALA KUMARI,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Government have decided to fix the minimum rates of wages payable to the employees employed in Security Service in the State of Kerala after considering the objections and suggestions received on the preliminary notification No. 15617/E1/07/LBR dated 23rd November, 2009 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consultation with the Minimum Wages Advisory Board.

This notification is intended to achieve the above object.

## കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (എം.എസ്.) നമ്പർ 80/2010/തൊഴിൽ. *തിരുവനന്തപുരം, 2010 ജൂലൈ 24.*

**എസ്. ആർ. ഒ. നമ്പർ 736/2010.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡവും, കൂട്ടി വായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2009 നവംബർ 26-ാം തീയതിയിലെ 2206-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2009 നവംബർ 23-ാം തീയതിയിലെ 15617/ഇ1/07/തൊഴിൽ നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൻമേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം

പരിഗണിച്ചുകൊണ്ടും, കേരള സംസ്ഥാനത്തെ സെക്യൂരിറ്റി സർവ്വീസിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം സർക്കാർ ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിജപ്പെടുത്തുകയും ചെയ്യുന്നു.

## പട്ടിക

| *ക്രമ നമ്പർ* | *വിഭാഗം* | *ഏറ്റവും കുറഞ്ഞ പ്രതിമാസകൂലി നിരക്കുകൾ (അടിസ്ഥാന വേതനം) (രൂപ)* |
|---|---|---|
| 1 | സെക്യൂരിറ്റി ഗാർഡ് (സായുധരല്ലാത്ത) | 4274 |
| 2 | സെക്യൂരിറ്റി ഗാർഡ് (സായുധരായ) | 5274 |
| 3 | ഹെഡ് ഗാർഡ് | 5750 |
| 4 | സൂപ്പർവൈസർ | 6000 |

ക്ഷാമബത്ത.—അടിസ്ഥാന വേതനത്തിന് പുറമെ, തൊഴിലാളികൾക്ക് ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിലുള്ള ക്ഷാമബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ബന്ധപ്പെട്ട ജില്ലാ ആസ്ഥാനങ്ങൾക്കായി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചികയുടെ 130 പോയിന്റിനു മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും (പുതിയ സീരീസ് 1998-99=100) 24.90 പൈസ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

യൂണിഫോം അലവൻസ്.—ഓരോ വർഷവും എല്ലാ തൊഴിലാളികൾക്കും അടിസ്ഥാന വേതനത്തിന്റെ 7% നിരക്കിൽ യൂണിഫോം അലവൻസ് നൽകേണ്ടതാണ്.

സർവ്വീസ് വെയിറ്റേജ്.—ഒരു തൊഴിലുടമയുടെ കീഴിലോ ഒരു സ്ഥാപനത്തിലോ എവിടെയാണോ തൊഴിലാളി ജോലിചെയ്യുന്നത് അവിടെ അഞ്ചു വർഷത്തിൽ കുറയാത്ത സേവനകാലം പൂർത്തിയാക്കിയത് പരിഗണിച്ച് തൊഴിലാളികൾക്ക്, താഴെ പറയുന്ന നിരക്കുകളിൽ അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി സർവ്വീസ് വെയിറ്റേജ് നൽകേണ്ടതാണ്.

(1) 5 വർഷത്തിനു മുകളിൽ 10 വർഷം വരെയുള്ള സേവന കാലത്തിന് .. അടിസ്ഥാന വേതനത്തിന്റെ 5%

(2) 10 വർഷത്തിനു മുകളിൽ 15 വർഷം വരെയുള്ള സേവന കാലത്തിന് .. അടിസ്ഥാന വേതനത്തിന്റെ 10%

(3) 15 വർഷത്തിനു മുകളിലുള്ള സേവന കാലത്തിന് .. അടിസ്ഥാന വേതനത്തിന്റെ 15%

പൊതു വ്യവസ്ഥകൾ.—(1) ഏതെങ്കിലും സ്ഥാപനത്തിലോ ഒരു തൊഴിലുടമയുടെ കീഴിലോ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഈ വിജ്ഞാപന പ്രകാരമുള്ള ഏറ്റവും കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം ഇപ്പോൾ ലഭിക്കുന്നുണ്ടെങ്കിൽ അവർക്ക് തുടർന്നും ഉയർന്ന നിരക്കിലുള്ള വേതനം നൽകേണ്ടതാണ്.

ഏതെങ്കിലും ഷെഡ്യൂൾഡ് എംപ്ലോയ്മെന്റിൽപ്പെട്ട സ്ഥാപനത്തിൽ മറ്റൊരാൾ മുഖേനയോ ഏജൻസി മുഖേനയോ അല്ലാതെ തൊഴിലുടമ നേരിട്ട് നിയമിക്കുന്ന ജീവനക്കാർക്ക്, പ്രസ്തുത ഷെഡ്യൂൾഡ് എംപ്ലോയ്മെന്റിൽ ഈ വിജ്ഞാപനത്തിൽപ്പെടുത്തിയ വിഭാഗം സെക്യൂരിറ്റി ജീവനക്കാർക്ക് പ്രത്യേക മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ഈ വിജ്ഞാപനത്തിലെ യാതൊന്നും പ്രസ്തുത വിഭാഗം ജീവനക്കാർക്ക് ബാധകമായിരിക്കുന്നതല്ല.

(2) ഈ വിജ്ഞാപനത്തിൽ മാസവേതനം നിശ്ചയിച്ചിട്ടുള്ള വിഭാഗങ്ങളെ സംബന്ധിച്ച് അവർക്കുള്ള ദിവസവേതനം കണക്കാക്കുന്നതിന് ക്ഷാമബത്ത ഉൾപ്പെടെയുള്ള പ്രതിമാസ അടിസ്ഥാനവേതനത്തെ 26 കൊണ്ട് ഭാഗിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ബി. വത്സലകുമാരി,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാന സെക്യൂരിറ്റി സർവ്വീസ് മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം വിജ്ഞാപനം ചെയ്ത 2009 നവംബർ 23-ാം തീയതിയിലെ 15617/ഇ1/07/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിൻമേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ച ശേഷവും പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

33/2931. PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2010.